പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3953 20.07.2015 -ൽ മറുപടിക്ക്.

## റേഷനരിയുടെ കള്ളക്കടത്ത്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) റേഷനരിയുടെ കള്ളക്കടത്ത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) ഉണ്ട് ; ഇത് തടയുന്നതിനായി പൊതു വിപണിയിലും റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളിലും റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാർ, ജില്ലാ സപ്ലൈ ഓഫീസർ മാർ തുടങ്ങിയ ഉദ്യോഗസ്ഥർ പരിശോധന കൾ നടത്താറുണ്ട്. പൊതു വിപണികളിൽ അനധികൃതമായി സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പിടിച്ചെടുക്കുകയും ക്രമക്കേടുകൾ കാണിക്കുന്നവർക്കെതിരെ അവശ്യ സാധന നിയമം പ്രകാരമുള്ള നടപടികൾ സ്വീകരി ക്കുകയും ചെയ്യുന്നു. |
| (ബി) ഇത്തരത്തിൽ സ്വകാര്യമില്ലുകളിലെത്തുന്ന റേഷനരി പായ്ക്കറ്റുകളിലാക്കിയും, പൊടി യാക്കിയും മറ്റും വിപണനം ചെയ്യുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം പരിശോ ധനകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാ ക്കാമോ; | (ബി) ഇത്തരത്തിൽ സ്വകാര്യമില്ലുകളിലെത്തുന്ന റേഷനരി പായ്ക്കറ്റുകളിലാക്കിയും, പൊടി യാക്കിയും മറ്റും വിപണനം ചെയ്യുന്നത് കണ്ടെത്തുന്നതിന് പൊതുവിപണികളിൽ സംശയാസ്പദമായി തോന്നുന്ന ഇടങ്ങളിലും പരാതികൾ ലഭിക്കുന്നിടത്തും പരിശോധന കൾ നടത്തുന്നുണ്ട്. |
| (സി) മുൻ വർഷം രൂപമാറ്റം നടത്തി റേഷനരി വിതരണം ചെയ്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) രൂപമാറ്റം നടത്തി റേഷനരി വിതരണം ചെയ്തത് സംബന്ധിച്ച കേസ്സുകൾ നിലവിൽ ഇല്ല. എന്നാൽ ഈ കഴിഞ്ഞ 6-മാസത്തിൽ റേഷനരി കടത്തുമായി ബന്ധപ്പെട്ട് '35' കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) പൊതുവിതരണ സംവിധാനം കാര്യക്ഷമ മാക്കുന്നതിനും, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, കള്ളക്കടത്തും തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) പൊതുവിതരണ സംവിധാനം കാര്യക്ഷമ മാക്കുന്നതിനും, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, കള്ളക്കടത്തും തടയുന്നതിനുമായി ശക്തമായ പരിശോധനാ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. സംസ്ഥാനതലത്തിൽ ഒരു വിജിലൻസ് |

ഓഫീസറെ നിയമിച്ച് ഇതിനായി ചുമതല പ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കു ന്നുണ്ട്. ഇതിനു പുറമെ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരി ക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ